പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3063 10.12.2018- ൽ മറുപടിക്ക്

## കേരളത്തിലെ ദേശീയ പാതകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) റോഡു വികസനത്തിന്റെ ഭാഗമായി കേരളത്തിലെ ദേശീയ പാതകൾ നാലുവരി ആക്കുന്നതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) ദേശീയ പാതകൾ നാലുവരിയാക്കുന്നതിന്റെ ജില്ലാ തിരിച്ചുള്ള പുരോഗതി അനുബന്ധമായി ചേർക്കുന്നു |
| (ബി) ടെണ്ടർ നടപടികൾ നടന്ന റീച്ചുകളുടെ പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയും എന്നറിയിക്കാമോ? | (ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായതിനു ശേഷം മാത്രമേ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ |

S. Bindu

സെക്ഷൻ ഓഫീസർ

അനുബന്ധം

ദേശീയ പാതകൾ നാലുവരിയാക്കുന്നതിന്റെ ജില്ലാ തലത്തിലെ പുരോഗതി ചുവടെ ചേർക്കുന്നു:

**കാസർഗോഡ് ജില്ല**

- നീലേശ്വരം റെയിൽവെ ഓവർബ്രിഡ്ജിന്റെ (ROB) പ്രവൃത്തികൾ 13.05.2018-ൽ ആരംഭിച്ചിട്ടുണ്ട്.
- 76 കി.മി നീളം വരുന്ന രണ്ട് പ്രവൃത്തികൾ ടെണ്ടർ നടപടി ക്രമത്തിലാണ്. പൊന്നുംവിലയ്ക്ക് എടുക്കാനുള്ള 4 ഹെക്ടർ ഭൂമിയിൽ നിന്ന് 3.27 ഹെക്ടർ ഭൂമി നോട്ടിഫിക്കേഷനു വേണ്ടി ഭൂമി എറ്റെടുക്കൽ പോർട്ടലിലേക്ക് അപ് ലോഡ് ചെയ്തിട്ടുണ്ട്. നാളിതുവരെ 95% ഭൂമി എറ്റെടുക്കൽ ജോലികൾ എൽ.എ ആക്ട് വകുപ്പ് 3D പ്രകാരം പൂർത്തീകരിച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ളവ 31.12.2018-ന് പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.
- എൽ.എ ആക്ട് വകുപ്പ് 3G പ്രകാരമുള്ള നടപടികൾ പൊന്നുംവില തഹസിൽദാർ ഓഫീസിൽ പൂർത്തീകരിക്കേണ്ടതുണ്ട്.

**കണ്ണൂർ ജില്ല**

- തലശ്ശേരി - മാഹി ബൈപ്പാസ് റോഡിന്റെ പ്രവൃത്തികൾ04.12.2017-ൽ ആരംഭിച്ചിട്ടുള്ളതാണ്.
- കണ്ണൂർ ജില്ലയെ സംബന്ധിച്ചിടത്തോളം ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്ന നടപടികളിൽ എൽ.എ ആക്ട് 1956 വകുപ്പ് 3D പ്രകാരം 100% നടപടികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനായി എൽ.എ ആക്ട് 1956 വകുപ്പ് 3G-യുടെ 60% നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. (നാളിതുവരെ 25.29% നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്)
- എൽ.എ ആക്ട് വകുപ്പ് 3G പ്രകാരമുള്ള നടപടികൾ പൊന്നുംവില തഹസിൽദാർ ഓഫീസിൽ പൂർത്തീകരിക്കേണ്ടതുണ്ട്.

**കോഴിക്കോട് ജില്ല**

- എൽ.ഒ.എ (LOA) നടപടികൾ ആരംഭിച്ചിട്ടുണ്ട്.
- എൽ.എ ആക്ട് വകുപ്പ് 3A പ്രകാരമുള്ള നടപടികൾ 8.36 ഹെക്ടറിന് ഒഴികെ പൂർത്തീകരിച്ചിട്ടുണ്ട്.
- എൽ.എ ആക്ട് വകുപ്പ് 3D നടപടികൾ 69 ഹെക്ടറിന് ബാക്കിയുണ്ട്. (ഇതിൽ 44.34 ഹെക്ടറിന്റെ ശുപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന് കേന്ദ്രമന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.)
- എൽ.എ. ആക്ട് വകുപ്പ് 3D പ്രകാരമുള്ള 100% നടപടികളും 15.03.2019-ന് മുൻപ് തീരുമെന്ന്

പ്രതീക്ഷിക്കുന്നു.

## മലപ്പുറം ജില്ല

- പൊന്നുംവില നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. എൽ.എ ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ നടത്തിയെങ്കിലും ആയതിൽ ചില തെറ്റുകൾ സംഭവിച്ചതിനാൽ അധികമായി 63 ഹെക്ടർ ഭൂമിക്കുള്ള നടപടികൾ ഇനിയും ബാക്കിയുണ്ട്. ആയത് കേന്ദ്ര സർക്കാരിന്റെ എൽ.എ പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതുണ്ട്.

- കൂടാതെ പൊന്നുംവില നോട്ടിഫിക്കേഷനിൽ ചില വില്ലേജുകൾ തെറ്റായി ഒഴിവായി പോയതിനാൽ പുതുക്കിയ എൽ.എ ആക്ട് 3A ശുപാർശകൾ കേന്ദ്ര മന്ത്രാലയത്തിന് 04.11.2018-ൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കേണ്ടതായിട്ടുണ്ട്

- അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. കൂടാതെ എൽ.എ ആക്ട് 3D വകുപ്പ് പ്രകാരം 62 ഹെക്ടർ ഭൂമിയുടെ നടപടികൾ ബാക്കിയുണ്ട്.

- എൽ.എ ആക്ട് 3D വകുപ്പ് പ്രകാരമുള്ള 100% നടപടിക്രമങ്ങളും 31.03.2019-ന് പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## തൃശ്ശൂർ ജില്ല

- എൽ.എ ആക്ട് വകുപ്പ് 3A പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

- അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതും എൽ.എ ആക്ട് വകുപ്പ് 3D പ്രകാരമുള്ള നടപടികൾ വെള്ളക്കെട്ട് ഇല്ലാത്ത സ്ഥലങ്ങളിൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

- പൊന്നുംവില നടപടികൾ സെക്ഷൻ 3D പ്രകാരമുള്ളത് CALA സ്വീകരിക്കേണ്ടതുണ്ട്.

- പ്രവൃത്തി ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചില ബൈപ്പാസ് ലൊക്കേഷനുകളിൽ വെള്ളക്കെട്ട് ഉള്ള സ്ഥലത്ത് സർവ്വെ നടപടികൾ പൂർത്തീകരിക്കാനായിട്ടില്ല.

## എറണാകുളം ജില്ല

- എൽ.എ ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ ഭൂമി രാശി പോർട്ടലിൽ അപ് ലോഡ് ചെയ്തെങ്കിലും വെള്ളപ്പൊക്കത്തെ സംബന്ധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരസ്യം തടഞ്ഞു വച്ചിരുന്നതാണ്. ഇതു സംബന്ധിച്ച് ഹെഡ്ക്വാർട്ടേഴ്സിലേക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ ലഭിക്കേണ്ടതുണ്ട്

## ആലപ്പുഴ ജില്ല

- എൽ.എ ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയിട്ടുള്ളതാണ്.

- നാഷണൽ ഹൈവേ അതോറിറ്റിയും ഡി.പി.ആർ കൺസൾട്ടന്റും ചില സാങ്കേതികമായ തകരാറുകൾ മൂലം വീണ്ടും സർവ്വെ നടപടികൾ നടത്തി വരുന്നു.
- ഭൂമി ഏറ്റെടുക്കൽ നടപടികൾ മേൽ പറഞ്ഞ കാരണങ്ങളാൽ കാലതാമസം നേരിട്ടുള്ളതാണ്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ച് വരുന്നു. 15.12.2018-ൽ ആയത് പൂർത്തീകരിക്കുന്നതാണ്.

**കൊല്ലം ജില്ല**

- എൽ.എ ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയിട്ടുള്ളതാണ്.
- ചില സാങ്കേതികമായ തകരാറുകൾ മൂലം അതിർത്തി കല്ലുകൾ സ്ഥാപിച്ചത് മാറ്റേണ്ടതായിട്ടുണ്ട്. ഇത് സംബന്ധിച്ച് ഉന്നതതല യോഗം വിളിച്ച് ചേർത്ത് അതിർത്തി കല്ലുകൾ പുനസ്ഥാപിക്കുന്നത് സംബന്ധിച്ച തർക്കം ഒഴിവാക്കി 15.12.2018-ൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നത് പൂർത്തീകരിക്കുന്നതാണ്.

**തിരുവനന്തപുരം ജില്ല**

- കഴക്കൂട്ടം മേൽപ്പാലത്തിന്റെ പൊന്നുംവില അവാർഡ് നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും 09.10.2018-ൽ ഒരു കരാർ ഒപ്പിട്ടിട്ടുള്ളതുമാണ്. എൽ.എ ആക്ട് വകുപ്പ് 3D പ്രകാരമുള്ള മേൽ നടപടികൾ പൊന്നുംവില തഹസിൽദാർ സ്വീകരിക്കേണ്ടതുണ്ട്.
- എൽ.എ ആക്ട് വകുപ്പ് 3A പ്രകാരമുള്ള നടപടികൾ 100%-ഉം പരസ്യപ്പെടുത്തിയിട്ടുണ്ട്
- നാഷണൽ ഹൈവേ അതോറിറ്റിയും ഡി.പി.ആർ കൺസൾട്ടന്റും ചില സാങ്കേതികമായ തകരാറുകൾ മൂലം വീണ്ടും സർവ്വെ നടപടികൾ നടത്തി വരുന്നു.
- ഭൂമി ഏറ്റെടുക്കൽ നടപടികൾ മേൽപ്പറഞ്ഞ കാരണങ്ങളാൽ താമസം നേരിട്ടിട്ടുള്ളതാണ്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ച് വരുന്നു.
- തിരുവനന്തപുരം ബൈപ്പാസ് ജോലികൾ കഴക്കൂട്ടം മുതൽ കാരോട് വരെയുള്ളത് പുരോഗമിച്ച് വരുന്നു.

S. Bindu.

സെക്ഷൻ ഓഫീസർ